ഉത്തരം

(എ) പീക്ക് ലോഡ് സമയത്തെ വൈദ്യുതി ഉപയോഗമനുസരിച്ചുള്ള വൈദ്യുതി വഹിക്കുവാനുള്ള പ്രസരണ ലൈനുകളുടെയും സബ്സ്റ്റേഷനുകളുടേയും അപര്യാപ്തതയാണ് ലോഡ് ഷെഡ്ഡിംഗ് തുടരുന്നതിന്റെ കാരണം.

(ബി) 1995-ജൂൺ 10-ാം തീയതി എല്ലാ ജല സംഭരണികളിലുമായി 650.09 മില്യൻ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള വെള്ളമുണ്ടായിരുന്നു.

(സി) ഈ വർഷം ജൂൺ പത്താം തീയതി എല്ലാ ജലസംഭരണികളിലുമായി 1263.05 മില്യൻ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള വെള്ളമുണ്ടായിരുന്നു.

(ഡി) പീക്ക് ലോഡ് സമയത്തെ വൈദ്യുതി ഉപഭോഗമനുസരിച്ചുള്ള വൈദ്യുതി വഹിക്കുവാൻ കഴിയത്തക്കവണ്ണം പ്രസരണവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന സബ്സ്റ്റേഷനുകളുടേയും അനുബന്ധ ലൈനുകളുടേയും പണി പൂർത്തിയാകുന്നതോടെ ലോഡ് ഷെഡ്ഡിംഗ് പൂർണ്ണമായും പിൻവലിക്കാൻ സാധിക്കുന്നതാണ്.

വൈദ്യുതി ബോർഡിന്റെ പ്രവർത്തനം

130 (913)ശ്രീ. പി.പി. തങ്കച്ചൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-96, 1996-97, 1997-98 എന്നീ ഓരോ വർഷങ്ങളിലും വൈദ്യുതി ബോർഡ് ലാഭത്തിലാണോ പ്രവർത്തിച്ചത് എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ മേൽപ്പറഞ്ഞ ഓരോ വർഷത്തേയും ലാഭം എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ ബോർഡ് നഷ്ടത്തിലാണ് പ്രവർത്തിച്ചതെങ്കിൽ ഓരോ വർഷത്തെയും നഷ്ടം എത്ര വീതമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(സി) 1995-96, 1996-97 എന്നീ വർഷങ്ങളിലെ ബോർഡിന്റെ വാർഷിക കണക്കനുസരിച്ചും 1997-98ലെ ആഡിറ്റിനു വിധേയമാക്കാത്ത ബോർഡിന്റെ വാർഷിക കണക്കനുസരിച്ചുമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ലാഭം
1995-96	22.76 കോടി രൂപ
1996-97	23.99 കോടി രൂപ
1997-98	24.62 കോടി രൂപ

ഈ തുക ലാഭമായി കാണിച്ചിരിക്കുന്നത് സംസ്ഥാന സർക്കാരിൽ നിന്നും സബ്സിഡിയായി 1995-96ൽ 58.30 കോടി രൂപയും, 1996-97ൽ 278.02 കോടി രൂപയും, 1997-98ൽ 309.67 കോടി രൂപയും ലഭ്യമാകുമെന്ന് കണക്കിലെടുത്തുകൊണ്ടാണ്. എന്നാൽ 1996-97ൽ സബ്സിഡി ഇനത്തിൽ ലഭ്യമായ 31.50

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപ ഒഴിച്ച് മറ്റ് തുകകളൊന്നും ബോർഡിന് സബ്സിഡിയായി ലഭിച്ചിട്ടില്ല. ലഭ്യമാകുമെന്ന് കാണിച്ചിട്ടുള്ള സബ്സിഡി തുക മാറ്റിയാൽ ഉണ്ടാകുന്ന നഷ്ടം ചുവടെ ചേർക്കുന്നു. ഈ നഷ്ടത്തെക്കുറിച്ച് 1995-96, 1996-97 എന്നീ വർഷങ്ങളിലെ അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ട്.

വർഷം	നഷ്ടം
1995-96	35.54 കോടി രൂപ
1996-97	222.53 കോടി രൂപ
1997-98	285.05 കോടി രൂപ

വൈദ്യുതി ബോർഡിന്റെ ലാഭം/നഷ്ടം

131 (914)ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-96, 1996-97, 1997-98 എന്നീ ഓരോ വർഷങ്ങളിലും വൈദ്യുതി ബോർഡ് ലാഭത്തിലാണോ പ്രവർത്തിച്ചത് എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ മേൽപ്പറഞ്ഞ ഓരോ വർഷത്തേയും ലാഭം എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ ബോർഡ് നഷ്ടത്തിലാണ് പ്രവർത്തിച്ചതെങ്കിൽ ഓരോ വർഷത്തെയും നഷ്ടം എത്ര വീതമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(സി) 1995-96, 1996-97 എന്നീ വർഷങ്ങളിലെ ബോർഡിന്റെ വാർഷിക കണക്കനുസരിച്ചും 1997-98ലെ ആഡിറ്റിനു വിധേയമാക്കാത്ത ബോർഡിന്റെ വാർഷിക കണക്കനുസരിച്ചുമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	ലാഭം
1995-96	22.76 കോടി രൂപ
1996-97	23.99 കോടി രൂപ
1997-98	24.62 കോടി രൂപ

ഈ തുക ലാഭമായി കാണിച്ചിരിക്കുന്നത് സംസ്ഥാന സർക്കാരിൽ നിന്നും സബ്സിഡിയായി 1995-96ൽ 58.30 കോടി രൂപയും, 1996-97ൽ 278.02 കോടി രൂപയും, 1997-98ൽ 309.67 കോടി രൂപയും ലഭ്യമാകുമെന്ന് കണക്കിലെടുത്തുകൊണ്ടാണ്. എന്നാൽ 1996-97ൽ സബ്സിഡി ഇനത്തിൽ ലഭ്യമായ 31.50 കോടി രൂപ ഒഴിച്ച് മറ്റ് തുകകളൊന്നും ബോർഡിന് സബ്സിഡിയായി ലഭിച്ചിട്ടില്ല. ലഭ്യമാകുമെന്ന് കാണിച്ചിട്ടുള്ള സബ്സിഡി തുക മാറ്റിയാൽ ഉണ്ടാകുന്ന നഷ്ടം ചുവടെ ചേർക്കുന്നു. ഈ നഷ്ടത്തെക്കുറിച്ച് 1995-96, 1996-97 എന്നീ വർഷങ്ങളിലെ അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ട്.

വർഷം	ലാഭം
1995-96	35.54 കോടി രൂപ
1996-97	222.53 കോടി രൂപ
1997-98	285.05 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly